AS/WCD/24/35816

## കേരള സർക്കാർ

### സംഗ്രഹം

വനിതാശിശു വികസന വകുപ്പ്: ഗാർഹിക പീഡനത്തിന് വിധേയരാകുന്ന സ്ത്രീകൾക്കായുള്ള സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകളുടെ 2024-2025 സാമ്പത്തികവർഷത്തെ പ്രവർത്തനത്തിനായി തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

വനിത ശിശു വികസന (എ) വകുപ്പ്

**G.O.(Rt)234/2024/WCDD** **Dated,15/07/2024**

എ.എസ് നമ്പർ : AS/WCD/24/35816 കാലാവധി : 31/03/2025

പരാമർശം:-1. സ.ഉ.(സാ.ധാ) നം.2/2021 വ.ശി.വി.വ തീയതി 31/08/2021
2. സ.ഉ.(പി) നം.3/2022 വ.ശി.വി.വ തീയതി 29/03/2022
3. വനിതാശിശു വികസന ഡയറക്ടറുടെ 09 04 2024 തീയതിയിലെ DWCD/1961/2024-WEC3നം.കത്ത്
4. 26.06.2024 തീയതിയിലെ വനിതാശിശു വികസന വകുപ്പിന്റെ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം

### ഉത്തരവ്

ഗാർഹിക പീഡനത്തിനു വിധേയരാകുന്ന സ്ത്രീകൾക്ക് വിവിധ സേവനങ്ങൾ നൽകുന്നതിന് പരാമർശം (1) പ്രകാരം കേരള സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡിൽനിന്നും ഉണർവ്വ് പദ്ധതി മുഖേന വകുപ്പ് ഏറ്റെടുത്ത 79 സർവ്വീസ് പ്രോവൈഡിംഗ് സെന്ററുകളും പരാമർശം(2) പ്രകാരം പുതിയതായി രജിസ്ട്രേഷൻ അനുമതി നൽകിയ 11 സർവ്വീസ് പ്രോവൈഡിംഗ് സെന്ററുകളും സംസ്ഥാനത്ത് വകുപ്പിന് കീഴിൽ പ്രവർത്തിച്ചു വന്നിരുന്നു. പ്രസ്തുത സർവ്വീസ് പ്രോവൈഡിംഗ് സെന്ററുകളിൽ തിരുവനന്തപുരം ജില്ലയിൽ അനുവദിച്ച 4 എണ്ണവും കോട്ടയം. ഇടുക്കി, വയനാട് എന്നിവിടങ്ങളിൽ ഓരോന്നു വീതവും പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന 83 സർവീസ് പ്രോവൈഡിംഗ് സെന്ററുകളുടെ 2024-2025 സാമ്പത്തിക വർഷത്തെ ദൈനംദിനപ്രവർത്തനങ്ങൾക്ക് ഒരു സർവ്വീസ് പ്രൊവൈഡിംഗ് സെന്ററിന് 1,55,000/-രൂപ വീതം ആകെ, 1,28,65,000/- രൂപ(ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി അറുപത്തിയയ്യായിരം രൂപ മാത്രം 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കണമെന്ന് വനിതാശിശുവികസന ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ വിശദാംശം ചുവടെച്ചേർക്കുന്നു

#### പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | Total provision for 83 SPC 155000 x 83 | 1,28,65,000 |
| ആകെ (ഒരു കോടി ഇരുപത്തി എട്ട് ലക്ഷത്തിഅറുപത്തി അയ്യായിരം രൂപ) | | **1,28,65,000** |

#### ക്രമ നമ്പർ 1ന്റെ ഇനങ്ങൾ

| ക്രമ നമ്പർ | ഇനം | അളവ് | നിരക്ക്/യൂണിറ്റ് (രൂപയിൽ) | ആകെ തുക (രൂപയിൽ) |
|---|---|---|---|---|
| 1 | For Conducting Awareness Class among public | 83 | 12000 | 9,96,000 |
| 2 | Remuneration to experts such as Clinical psychologist / Medical Professionals / Psychiatrist etc. Medical Expenses, TA, Stationary, Telephone, Tapal and Audit Fees. Anti Domestic Violence Day observance etc. | 83 | 20000 | 16,60,000 |
| 3 | Court expenses in connection with submission of DIR Rs 600 Per DIR x 25 | 83 | 15000 | 12,45,000 |
| 4 | Honorarium for Legal Counsellor Rs.9000 PM X 12 months | 83 | 108000 | 89,64,000 |
| ആകെ (ഒരു കോടി ഇരുപത്തി എട്ട് ലക്ഷത്തിഅറുപത്തി അയ്യായിരം രൂപ) | | | | **1,28,65,000** |

2. 26/06/2024 തീയതിയിലെ 2024-25 സാമ്പത്തിക വർഷത്തെ ഒന്നാമത് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ 16-ാം ഇനമായി ടി ശിപാർശ അംഗീകരിക്കുകയുണ്ടായി.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വകുപ്പിനു കീഴിൽ പ്രവർത്തിച്ചുവരുന്ന 83 സർവീസ് പ്രോവൈഡിംഗ് സെന്ററുകളുടെ 2024-2025 സാമ്പത്തിക വർഷത്തെ നടത്തിപ്പിനായി 1,28,65,000/- രൂപ (ഒരു കോടി ഇരുപത്തിയെട്ട് ലക്ഷത്തി അറുപത്തി അയ്യായിരം രൂപ മാത്രം) 2235-02-103-68-03(പി) ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകി ഉത്തരവാകുന്നു.

AS/WCD/24/35816

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

അഡീഷണൽ സെക്രട്ടറി

Women and Child Development

To

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി& എസ്.എസ്.എ./എ&ഇ), കേരളം,
തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ് (പ്രസിദ്ധീകരണത്തിന്.)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

Santhosh Kumar T K

Digitally signed by SANTHOSHKUMAR T K
Date:2024.07.19 06:06:31 +05:30